**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

07.06.2018-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1448

**മുക്കം ഗവൺമെന്റ് പോളിടെക്നിക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ് എം. തോമസ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ അനുമതി നൽകിയ മുക്കം ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കാൻ താമസമുണ്ടാവുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) 3.6.2015 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) 229/15/ഉവിവ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ മുക്കത്ത് ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ നിന്നും പ്രിൻസിപ്പാളായി വിരമിച്ച ശ്രീ. വി. സി. പൂക്കോയ തങ്ങളെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ശേഷം 17.3.17 തീയതിയിലെ സ.ഉ. (സാധാ) 576/17/ഉവിവ നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് വനിതാ പോളിടെക്നിക്ക് കോളേജിലെ പ്രിൻസിപ്പാൾ ശ്രീമതി. ബീന പി. യെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിലുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നും നടത്തിയ ഇടപെടലുകൾ വ്യക്തമാക്കാമോ; | |
| (സി) പോളിടെക്നിക് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ? | |

കോഴിക്കോട് താലൂക്ക് താഴേക്കാട് വില്ലേജ് ചേന്ദമംഗലം ദേശത്ത് റീസർവ്വേ നം. 91 മംഗലശ്ശേരി തോട്ടത്തിൽ പുറമ്പോക്ക് ഭൂമിയായ 5 ഏക്കർ സ്ഥലത്ത് മുക്കം സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനു സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം വനഭൂമിയായതിനാൽ വനം വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് കൈമാറേണ്ടതും, പകരം സ്ഥലം റവന്യൂ വകുപ്പ് വനം വകുപ്പിനായി നൽകേണ്ടതുമുണ്ട്. സ്ഥലം കൈമാറ്റം ചെയ്യുന്നതിന്റെ ഫയൽ തിരുവനന്തപുരം സ്പെഷ്യൽ എംഫാറസ്റ്റേഷൻ & നോഡൽ ആഫീസറുടെ പരിഗണനയിലാണ്. ഇത്തരത്തിൽ സ്ഥലം കൈമാറി ലഭിച്ചാൽ മാത്രമേ നിർദ്ദിഷ്ട മുക്കം സർക്കാർ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ.

Manny M

സെക്ഷൻ ഓഫീസർ.